മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി സംവദി
ക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

സമൂഹത്തിൽ ഇപ്പോൾ കാണുന്ന ഈ പ്രശ്നങ്ങൾ, ആളുകൾ മതം തിരിഞ്ഞുള്ള അടിയും വഴക്കും എല്ലാം മാറാൻ എന്താണ് വഴി ശിഹാബ്ക്കാ?

**അംന സമാഹ**
**ക്ലാസ് 8**
**സി. എച്ച്. എം. എച്ച്. എസ്. എസ്, എളയാവൂർ**

സമൂഹം എന്നു പറയുന്നത് നമ്മൾ വ്യക്തികൾ ചേർന്നതാണല്ലോ. എല്ലാറ്റിനും വലുത് മനുഷ്യസ്നേഹം തന്നെയാണ്. മതത്തിന്റെ പേരിലോ ജാതിയുടെ പേരിലോ കക്ഷിരാഷ്ട്രീയത്തിന്റെ പേരിലോ ആരെയും വെറുക്കാതിരിക്കാൻ ഓരോരുത്തരും നല്ലവണ്ണം ശ്രദ്ധിക്കണം. എല്ലാവരും അതിനു വേണ്ടി പരിശ്രമിക്കുമ്പോൾ ഒരു നല്ല സമൂഹം ഉണ്ടാകുന്നു.

പിന്നെ, മതത്തിന്റെ പേരിൽ അടിയും വഴക്കും ഉണ്ടാക്കുന്നത് യഥാർത്ഥ ദൈവസങ്കൽപം ഉണ്ടാവാത്ത മണ്ടൻമാരാണെന്നും പ്രത്യേകം ഓർക്കുക.

ഈ ലോകത്തുള്ള എല്ലാവരും ആദമിന്റെയും ഹവ്വയുടെയും മക്കളാണല്ലോ. പക്ഷേ എല്ലാവരും പല രാജ്യങ്ങളായി തിരിഞ്ഞ് യുദ്ധം ചെയ്യുന്നു. ഇത് എന്തു കൊണ്ടാണ്?

**മുഹമ്മദ് റനീം**
**ക്ലാസ് 4**
**കെ. വി. കെ. എം. യു. പി**
**കുറ്റ്യാടി, ദേവർകോവിൽ**

പൈശാചിക ചിന്തകൾ തന്നെ. ആദമിന്റെയും ഹവ്വയുടെയും ജീവിതത്തെ വഴി തെറ്റിച്ചതും പിശാചാണല്ലോ. എങ്ങനെയാണ് ഒരാളുടെ ഉള്ളിൽ പൈശാചിക ശക്തി ഉണ്ടാവുന്നതെന്ന് നാം ആലോചിക്കണം.

അന്യന്റെ മുതൽ കൈയേറാൻ ശ്രമിക്കുമ്പോഴാണ് യുദ്ധമുണ്ടാകുന്നത്. ഉള്ള

▸▸ **ക്ഷയരോഗം തടയുന്നതിന് നൽകുന്ന വാക്സിൻ– ബി. സി. ജി**

## മേരി ക്യൂറി

രണ്ട് വ്യത്യസ്ത വിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ഏക വനിതയും ആദ്യ വ്യക്തിയും മേരി ക്യൂറിയാണ്. നൊബേൽ സമ്മാനം ലഭിച്ച ആദ്യ വനിതയും ഇവർ തന്നെ. 1903-ൽ ഭൗതിക ശാസ്ത്രത്തിനും 1911-ൽ രസതന്ത്രത്തിനും ഈ സമ്മാനം ഇവർക്ക് ലഭിച്ചു.



തുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കാൻ പരിശീലിച്ചിട്ടില്ലെങ്കിൽ നാട്ടിൽ കുഴപ്പങ്ങൾ തീരില്ല. എല്ലാ യുദ്ധങ്ങൾക്ക് പിന്നിലും മനുഷ്യന്റെ അധികാര വാസനയും അത്യാഗ്രഹവുമാണ്. അതിന്റെ കെടുതികൾ അനുഭവിക്കുന്നതോ പാവം മനുഷ്യരും.



എഴുത്തിൽ താങ്കൾ ഏകാന്തത ഇഷ്ടപ്പെടുന്നുണ്ടോ?

**റെയ്ദ കെ.ടി, ക്ലാസ് 9**
**പി.കെ.എം.എച്ച്.എസ്.എസ്, എടരിക്കോട്**

എഴുത്തിൽ ഏകാന്തത വേണം. വലിയ ബഹളങ്ങൾക്കിടയിലിരുന്ന് എഴുതാൻ കഴിയുന്നവരുണ്ട്. എങ്ങനെ ഇരുന്നെഴുതുന്നു എന്നതിലല്ല കാര്യം, എഴുതുന്നത് നന്നാവുക എന്നതാണ്.

ഞാൻ ശിഹാബ്ക്കയുടെ കഥകളൊന്നും വായിച്ചിട്ടില്ല. എന്റെ ഉപ്പയുടെ കളിക്കൂട്ടുകാരനെന്ന നിലയിൽ ഞാൻ ഒരുപാട് കേട്ടിട്ടുണ്ട്. വായിക്കാൻ വളരെ മടിയാണ് എനിക്ക്. എന്റെ വായന വർധിപ്പിക്കാൻ വല്ല കുറുക്കു വഴിയുമുണ്ടോ?

**ഹനീന താജ്, ക്ലാസ് 4, സെന്റ് തെരേസാസ്**
**എ.ഐ.എച്ച്.എസ്.എസ്, കണ്ണൂർ**

സാരമില്ല. ഹനീന നാലാം ക്ലാസിലല്ലേ ആയിട്ടുള്ളൂ. വായിക്കാൻ ഇനിയും ഒരുപാട് കാലമുണ്ട്. പാഠപുസ്തകങ്ങൾക്കൊപ്പം കഥകളും നോവലുകളും കവിതകളുമൊക്കെ വായിക്കണം. അത് നിങ്ങളുടെ അനുഭവ ചക്രവാളം വികസിപ്പിക്കും. ഉപ്പയോട് പ്രത്യേകം സ്നേഹാന്വേഷണം അറിയിക്കുക.

## ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ലോക്സഭയുടെ ഇപ്പോഴത്തെ ഡെപ്യൂട്ടി സ്പീക്കർ- എം. തമ്പിദുരൈ